പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2766

19.06.2014 -ൽ മറുപടി നൽകേണ്ടത്

## രാജ്യത്തെ ഭൂരഹിതരില്ലാത്ത ആദ്യ ജില്ല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എ. അസീസ് | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) രാജ്യത്തെ ഭൂരഹിതരില്ലാത്ത ആദ്യ ജില്ല എന്ന ബഹുമതി ലഭിച്ചത് കേരളത്തിലെ ഏത് ജില്ലക്കാണ് ; | (എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലൂടെ കണ്ണൂർ ജില്ല രാജ്യത്തെ തന്നെ ആദ്യത്തെ ഭൂരഹിതരില്ലാത്ത ജില്ലയായിമാറിയിട്ടുണ്ട്. |
| (ബി) ഈ ബഹുമതിക്കായി ജില്ലയിലെ എത്ര കുടുംബങ്ങൾക്കായി എത്ര സെന്റ് ഭൂമിയാണ് വിതരണം ചെയ്തത് ; | (ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ കണ്ണൂർ ജില്ലയിൽ 11,032 ഗുണഭോക്താക്കൾക്ക് മൂന്ന് സെന്റ് ഭൂമി വീതവും, കൂടാതെ 68 പട്ടിക വർഗ ഗുണഭോക്താക്കൾക്ക് ടി.ആർ.ഡി.എം. പദ്ധതിപ്രകാരം ഒരു ഏക്കർ ഭൂമി വീതവും അനുവദിച്ചിട്ടുണ്ട്. |
| (സി) സംസ്ഥാനത്തെ മുഴുവൻ ജില്ലകളേയും ഭൂരഹിതരില്ലാത്ത ജില്ലയാക്കിമാറ്റുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ? | (സി)'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015' പ്രകാരമുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും 2015 ഡിസംബർ മാസത്തോടെ ഭൂമി നൽകുവാനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. പദ്ധതിയുടെ ഒന്നാംഘട്ട പട്ടയവിതരണം പതിനാല് ജില്ലകളിലും നടന്നു കഴിഞ്ഞു. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഒന്നാം ഘട്ടത്തിൽ തന്നെ അർഹരായി കണ്ടെത്തിയ മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമി നൽകി ക്കൊണ്ട് മേൽപറഞ്ഞ ജില്ലകളെ ഭൂരഹിതരില്ലാത്ത ജില്ലയായി പ്രഖ്യാപിച്ചു. രണ്ടാം ഘട്ടത്തിൽ |

..... 2

പരമാവധി ഗുണഭോക്താക്കൾക്ക് ഭൂമി നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഫലപ്രദമായ നിർവ്വഹണത്തിന് ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചുകൊണ്ട് സംസ്ഥാനതല സ്പെഷ്യൽ സെൽ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം ഡപ്യൂട്ടി കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതല സ്പെഷ്യൽ സെല്ലുകൾ രൂപീകരിച്ച് പദ്ധതി പ്രവർത്തനം ഏകോപിപ്പിച്ചിട്ടുണ്ട്. സ്പെഷ്യൽ സെല്ലുകളുടെ മേൽ നോട്ടത്തിൽ ഫീൽഡ് പരിശോധനകൾ നടത്തി പദ്ധതിക്കാവശ്യമായ മുഴുവൻ സർക്കാർ ഭൂമിയും തരപ്പെടുത്തുന്നതിനുള്ള പ്രത്യേക കർമ്മ പരിപാടികൾ ആസൂത്രണം ചെയ്തു വരുന്നു.

E. K. V. Kumar

സെക്ഷൻ ഓഫീസർ